നിർമ്മിതി കേന്ദ്രത്തിന്റെ ചെലവു കുറഞ്ഞ ഭവന നിർമ്മാണം

26(*116) ശ്രീ. സി. എച്ച്. കുഞ്ഞമ്പു :
ശ്രീ. പി. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. സി. എം. ദിനേശ് മണി :
ശ്രീ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന നിർമ്മിതി കേന്ദ്രത്തിന്റെ പ്രവർത്തനം വിപുലീകരിക്കുന്നതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ;

(ബി) കെട്ടിടനിർമ്മാണ തൊഴിലാളികൾക്ക് ചെലവ്കുറഞ്ഞ ഭവന നിർമ്മാണ രീതിയെപ്പറ്റി പരിശീലനം നൽകുന്നതിന് നിർമ്മിതികേന്ദ്രം ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയുടെ വിശദാംശം നൽകുമോ ; ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്രപേർക്ക് പരിശീലനം നൽകിയിട്ടുണ്ട് ;

(സി) അവിദഗ്ദ്ധ നിർമ്മാണ തൊഴിലാളികൾക്കും പരിശീലനം നൽകുന്നുണ്ടോ ;

(ഡി) ജയിൽ വകുപ്പുമായി സഹകരിച്ച് തടവുകാർക്ക് കെട്ടിട നിർമ്മാണത്തിൽ പരിശീലനം നൽകുന്നുണ്ടോ ;

(ഇ) എങ്കിൽ പരിശീലന പദ്ധതിയുടെ വിശദാംശം നൽകുമോ ;

(എഫ്) ഇതിനകം എത്രപേർക്ക് പരിശീലനം നൽകിയിട്ടുണ്ട് ;

(ജി) ചെലവുകുറഞ്ഞ ഭവന നിർമ്മാണത്തിന്റെ പ്രചരണത്തിനായി നിർമ്മിതി കേന്ദ്രം പദ്ധതി ആവിഷ്കരിക്കുമോ ?

വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ബിനോയ് വിശ്വം) :

(എ) സംസ്ഥാന നിർമ്മിതി കേന്ദ്രത്തിന്റെ പ്രവർത്തനം വിപുലീകരിക്കുന്നതിനായി 11-ാം പഞ്ചവത്സര പദ്ധതിയിൽ 2200 ലക്ഷം രൂപ അംഗീകരിച്ച് വിവിധ പദ്ധതികൾ നടപ്പിലാക്കിവരുന്നു. സാധാരണ ജനങ്ങൾക്ക് മണൽ ഉൾപ്പെടെയുള്ള കെട്ടിട നിർമ്മാണ സാമഗ്രികൾ കുറഞ്ഞ വിലയ്ക്ക് ലഭ്യമാക്കുന്നതിനായി 11 ജില്ലകളിൽ ന്യായവില വിപണന കേന്ദ്രങ്ങളായ 'കലവറ' പ്രവർത്തിച്ചുവരുന്നു. കെട്ടിട നിർമ്മാണ സാമഗ്രികളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനാവശ്യമായ പരിശോധനാശാലകൾ തിരുവനന്തപുരം, എറണാകുളം, അടൂർ, പാലക്കാട് എന്നീ കേന്ദ്രങ്ങളിൽ നടപ്പിലാക്കി. ഗുണമേന്മയുള്ള നിർമ്മാണ വസ്തുക്കൾ ഉൽപ്പാദിപ്പിക്കുന്നതിനാവശ്യമായ ഉൽപ്പാദന കേന്ദ്രങ്ങൾ വിവിധ ജില്ലകളിൽ ആരംഭിച്ചു.

(ബി) ഒരു ഏകീകൃത പരിശീലന സമ്പ്രദായം ഉണ്ടാക്കുന്നതിന് കെട്ടിട നിർമ്മാണ സാങ്കേതിക വിദഗ്ദ്ധരും വിവിധ കെട്ടിട നിർമ്മാണ തൊഴിലാളി സംഘടനകളും ഒന്നിച്ചിരുന്ന് പരിശീലനത്തിനാവശ്യമായ സിലബസ് രൂപീകരിക്കുകയും സംസ്ഥാനത്തുടനീളം കെസ്നിക്കിന്റെ 14 കേന്ദ്രങ്ങൾ വഴി

LIBRARY ARCHIVES Kerala Legislative Assembly

കൽപ്പണി, മരപ്പണി, കെട്ടിടനിർമ്മാണ സാമഗ്രികളുടെ ഉൽപ്പാദനം, പ്ലംബിംഗ്, വൈദ്യുതീകരണം, കൂടാതെ മറ്റ് സ്വയം തൊഴിൽ സംരംഭങ്ങളായ പുന്തോട്ട നിർമ്മാണം എന്നിവയിൽ പരിശീലനങ്ങൾ നൽകിവരുന്നു. 2007 മുതൽ 2012 വരെയുള്ള കാലയളവിൽ പരിശീലനങ്ങൾക്കായി 460 ലക്ഷം രൂപ പദ്ധതി വിഹിതത്തിൽ ഉൾപ്പെടുത്തി നൽകി. കെസ്നിക് നടത്തുന്ന പരിശീലനങ്ങൾക്ക് പ്രതിദിനം നൽകുന്ന സ്റ്റൈപ്പന്റ് 35 രൂപയിൽ നിന്നും 125 രൂപയായി വർദ്ധിപ്പിക്കുകയും സൗജന്യ പഠനോപകരണങ്ങൾ നൽകിവരികയും ചെയ്യുന്നു. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 3151 പേർക്ക് പരിശീലനം നൽകിയിട്ടുണ്ട്.

(സി) കൽപ്പണിയിലും മരപ്പണിയിലും പരിശീലനം നൽകുന്നുണ്ട്.

(ഡി) ഉണ്ട്.

(ഇ) കേരള സംസ്ഥാന നിർമ്മിതികേന്ദ്രം ജയിൽ വകുപ്പുമായി സഹകരിച്ച് വിവിധ ജയിലുകളിൽ കെട്ടിട നിർമ്മാണ മേഖലയിൽ കൽപ്പണി, മരപ്പണി, പുന്തോട്ട നിർമ്മാണം എന്നീ മേഖലകളിൽ പരിശീലനം നൽകുന്നുണ്ട്.

(എഫ്) ആകെ 12 പരിശീലനങ്ങളിലായി 299 പേർക്ക് പരിശീലനം നൽകിയിട്ടുണ്ട്.

(ജി) ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു.

എം.എൻ. ലക്ഷം വീടുകളുടെ നവീകരണം

27(*117) ശ്രീ. ടി. പി. കുഞ്ഞുണ്ണി :
ശ്രീ. ആർ. സെൽവരാജ് :
ശ്രീ. ബി. രാഘവൻ :
ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി സഭയെ മറുപടി നൽകുമോ :

(എ) എം.എൻ. ലക്ഷം വീടുകളുടെ നവീകരണത്തിനായി ഭവന നിർമ്മാണ വകുപ്പ് സ്വീകരിച്ച നടപടികളുടെ വിശദാംശം നൽകുമോ ;

(ബി) എത്ര വീടുകളാണ് പുനർനിർമ്മാണത്തിനായി തെരഞ്ഞെടുത്തിട്ടുള്ളത് ;

(സി) പുനർനിർമ്മാണ പദ്ധതി പ്രകാരമുള്ള സബ്സിഡിതുക വർദ്ധിപ്പിച്ചിട്ടുണ്ടോ ; എങ്കിൽ വിശദമാക്കുമോ ; പദ്ധതി പ്രവർത്തനം അവലോകനം ചെയ്തിട്ടുണ്ടോ ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ;

(ഡി) ഉടമസ്ഥാവകാശം കൈമാറ്റം ചെയ്യപ്പെട്ട വീടുകളിൽ താമസിക്കുന്ന പാവപ്പെട്ടവർക്കും പദ്ധതിയുടെ ആനുകൂല്യം ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly